ക്കുന്നത് ജവാൻമാരുടെ വീടുകളിൽ ടെലിഫോൺ കണക്ഷൻ ലഭ്യമാക്കുന്നതിന് ഇവരെ പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ഈ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, ധീരയോദ്ധാക്കൾ രാജ്യത്തിന്റെ അതിർത്തി സംരക്ഷിക്കാൻ പോരാടുമ്പോൾ അവരുടെ വീടുകളിൽ ടെലിഫോൺ കണക്ഷൻ ലഭ്യമാക്കാൻ പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നതാണ് ആവശ്യം. ഇപ്പോൾ നിലവിലിരിക്കുന്ന വ്യവസ്ഥകൾ അനുസരിച്ച് ജവാൻമാരുടെ വീടുകളിൽ ടെലിഫോൺ നൽകുന്നതിന് പ്രത്യേക പ്രയോറിറ്റി ഇല്ല. പ്രയോറിറ്റി നൽകേണ്ടത് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ടെലികോം വകുപ്പാണ്. വിദൂരവും ദുർഘടവുമായ അതിർത്തി പ്രദേശങ്ങളിൽ പോരാടുന്ന ജവാൻമാരെക്കുറിച്ചുള്ള വിവരങ്ങൾ അറിയാൻ അവരുടെ കുടുംബാംഗങ്ങൾക്കുള്ള ആശങ്കയും ആകാംഷയും ഉത്കണ്ഠയും സർക്കാർ പൂർണ്ണമായും ഉൾക്കൊള്ളുന്നു. അതുകൊണ്ട് ജവാൻമാരുടെ കുടുംബാംഗങ്ങൾക്ക് ടെലിഫോൺ കണക്ഷൻ ലഭിക്കാൻ അവരെ മുൻഗണനാലിസ്റ്റിൽപ്പെടുത്താൻ കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നതും അതിനാവശ്യമായ നടപടികൾ ഉടനടി സ്വീകരിക്കാൻ ടെലികോം അധികൃതർക്ക് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെടുന്നതുമാണ്.

(3) കുന്ദമംഗലം സി.ഡബ്ല്യു.ആർ.ഡി.എം-ൽ ഇന്റേണൽ ആഡിറ്ററുടെ നിയമനം

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, കോഴിക്കോട് ജില്ലയിൽ കുന്ദമംഗലത്തു പ്രവർത്തിച്ചുവരുന്ന പ്രധാനപ്പെട്ട ഒരു സ്ഥാപനമാണ് സി.ഡബ്ല്യു. ആർ.ഡി.എം. ഈ സ്ഥാപനം തുടങ്ങിയതുതൊട്ട് അവിടെ ഇന്റേണൽ ആഡിറ്റർ എന്നൊരു തസ്തികയുണ്ട്. നിലവിലുള്ള ചട്ടങ്ങളും വ്യവസ്ഥകളും മറികടന്നുകൊണ്ട് നേരിട്ട് അക്കൗണ്ടന്റിനെപ്പോലെ കീഴ്ജീവനക്കാരനാക്കി ഇന്റേണൽ ആഡിറ്ററായി ഒരാളെ നിയമിക്കാനുള്ള തെറ്റായ തീരുമാനം എടുത്തിരിക്കുകയാണ്. ഇത് സംബന്ധിച്ച് ഗവൺമെന്റ് ഒരു പരാതി കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ഗവേണിംഗ് ബോഡിയുടെ ചെയർമാൻകൂടിയായ ജലസേചന വകുപ്പുമന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്കെതിരായി നടപടിയെടുക്കണമെന്നാവശ്യപ്പെട്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിലും ആ നിലയിൽ അംഗീകരിച്ചു എന്നാണ് അറിയുന്നത്. പക്ഷേ എവിടയോ കുടുങ്ങിക്കിടന്ന് ഇതുവരെ നടപടി എടുത്തിട്ടില്ല. അതുപോലെ കുറേ അഴിമതികൾ ഈ സ്ഥാപനത്തിൽ നടക്കുന്നുണ്ട്. ആ അഴിമതികളെ സംബന്ധിച്ചും അന്വേഷണം നടത്തണമെന്ന് ഗവൺമെന്റിനോടാവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം വളരെ ഗൗരവമായിട്ടെടുക്കണം; ഗവൺമെന്റ് തീരുമാനത്തെ ധിക്കരിക്കുന്നവർക്കെതിരെ കർശനനടപടി സ്വീകരിക്കണമെന്ന് മുഖ്യമന്ത്രിയോടഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, കോഴിക്കോട് ജില്ലയിൽ കുന്ദമംഗലത്ത് പ്രവർത്തിച്ചുവരുന്ന സി.ഡബ്ല്യു.ആർ.ഡി.എം-ൽ ഇന്റേണൽ ആഡിറ്റെ നിയമിച്ചതിൽ ചട്ടങ്ങളും നിയമങ്ങളും ലംഘിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ നിയമനമടക്കം പ്രസ്തുത സ്ഥാപനത്തിൽ നടന്നിട്ടുള്ള ക്രമവിരുദ്ധ നടപടികൾക്കുത്തരവാദികളായ ഉദ്യോഗസ്ഥൻമാരുടെ പേരിൽ കർശനമായ ശിക്ഷണ നടപടികൾ സ്വീകരിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിന് സി.ഡബ്ല്യു.ആർ.ഡി.എം-ന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(4) കഴക്കൂട്ടം സൈനികസ്കൂളിലെ ഫീസ് വർദ്ധന

ശ്രീ. പിരപ്പൻകോട് മുരളി : സർ, കഴക്കൂട്ടം സൈനിക സ്കൂളിലെ ഫീസ് വർദ്ധനയെ സംബന്ധിച്ചും സ്കോളർഷിപ്പ് വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചുമാണ് ഞാൻ സബ്മിഷൻ ഉന്നയിക്കുന്നത്. കഴക്കൂട്ടം സൈനിക സ്കൂളിലെ വാർഷിക ഫീസ് ഈ വർഷം മുതൽ 14,000 രൂപയിൽനിന്ന് 25,000 രൂപയായി വർദ്ധിപ്പിച്ചു. ഈ തുക ഓരോ വർഷവും 10 ശതമാനം കൂട്ടി വർദ്ധിപ്പിച്ചു നൽകേണ്ടതുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളെപ്പോലും ഇതിൽനിന്ന് ഒഴിവാക്കിയിട്ടില്ല. സൈനികസ്കൂളുകളുടെ മേൽനോട്ടം കേന്ദ്ര പ്രതിരോധ വകുപ്പിനാണെങ്കിലും സ്കൂളുകൾക്ക്വേണ്ട അടിസ്ഥാന സൗകര്യങ്ങളും സാമ്പത്തികസഹായവും ആവശ്യാനുസരണം നൽകേണ്ടത് സംസ്ഥാന ഗവൺമെന്റാണ്. ഫീസ്വർദ്ധനവിന് ആനുപാതികമായി സ്കോളർഷിപ്പ് തുകയും വർദ്ധിപ്പിക്കേണ്ടതുണ്ട്. എന്നാൽ കേരള ഗവൺമെന്റ് 1997-98നുശേഷം സ്കോളർഷിപ്പ് തുക വർദ്ധിപ്പിച്ചിട്ടില്ല. പുതുക്കിയ ഫീസ് നിരക്ക് അനുസരിച്ച് 12-ാം ക്ലാസ് കഴിഞ്ഞ് ഇറങ്ങുന്ന കുട്ടിക്ക് ഏകദേശം മൂന്നുലക്ഷത്തി അൻപതിനായിരം രൂപ ചെലവാക്കേണ്ടിവരും. ഈ അവസ്ഥയിൽ രക്ഷാകർത്താക്കൾക്ക് സ്കോളർഷിപ്പില്ലാതെ കുട്ടികളെ പഠിപ്പിക്കാൻ കഴിയുകയില്ല. 12-ാം ക്ലാസ് വരെ സൗജന്യവിദ്യാഭ്യാസം ലഭ്യമാക്കുന്ന കേരളത്തിൽ ഏറ്റവും അപകടസാധ്യതയുള്ള ഡിഫെൻസ് സർവീസിൽച്ചേരാൻ ഇത്രയും വലിയ തുക ഫീസായി ഈടാക്കുന്നത് ശരിയല്ല. ഇതുമൂലം സൈനികസ്കൂൾ വിദ്യാഭ്യാസം സാധാരണക്കാർക്ക് അപ്രാപ്യമാണ്. ഇത് പ്രതിരോധ സേനയിലെ ഉയർന്ന പദവികളിൽ കേരളത്തിന് മതിയായ പ്രാതിനിധ്യം ഇല്ലാതാക്കും. ഈ സാഹചര്യത്തിൽ കഴക്കൂട്ടം സൈനിക സ്കൂളിലെ ഫീസ്നിരക്ക് യുക്തിസഹമായി പരിഷ്ക്കരിക്കാൻ സ്കൂൾ അധികൃതരോട് അഭ്യർത്ഥിക്കാൻ താൽപ്പര്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, കഴക്കൂട്ടം സൈനികസ്കൂളിലെ ഫീസ് നിരക്ക് പതിനാലായിരം രൂപയിൽനിന്ന് ഇരുപത്തിഅയ്യായിരം രൂപയായി വർദ്ധിപ്പിക്കാനും ഫീസിൽ പത്തു ശതമാനം വാർഷിക വർദ്ധന വരുത്താനും അധികൃതർ തീരുമാനിച്ചിരിക്കുകയാണെന്നും താഴ്ന്ന വരുമാനക്കാരുടെ മക്കൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് തുക വർദ്ധിപ്പിച്ചിട്ടില്ലെന്നും ഇത് സൈനികസ്കൂളിൽ പഠിക്കുന്ന സാധാരണക്കാരുടെ മക്കളെ ബാധിക്കുമെന്നാണ് ഉന്നയിച്ചിരിക്കുന്നത്. കഴക്കൂട്ടത്തെ സൈനികസ്കൂൾ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ വരുന്നതല്ല. കേരള വിദ്യാഭ്യാസ ചട്ടങ്ങളും (കെ.ഇ.ആർ) ഈ സ്ഥാപനത്തിന് ബാധകമല്ല. കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികളുംമറ്റും സംസ്ഥാന സർക്കാർ (പി.ഡബ്ല്യു.ഡി) ആണ് ചെയ്തുവരുന്നത്. കഴക്കൂട്ടം സൈനികസ്കൂൾ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ വരുന്നതല്ലെങ്കിൽക്കൂടി സാധാരണക്കാരായവരുടെ കുട്ടികളെ ദോഷകരമായി ബാധിക്കുന്ന പ്രശ്നങ്ങൾ വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി പ്രശ്നപരിഹാരം കാണാൻ ശ്രമിക്കുന്നതാണ്. ഫീസ് വർദ്ധനവ് അനുസരിച്ച് സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കാത്ത കാര്യം അടിയന്തിരമായി പരിശോധിച്ച് അനുഭാവപൂർവ്വമായ നിലപാട് എത്രയും വേഗം സ്വീകരിക്കുന്നതാണ്. മെമ്പർ ഉന്നയിച്ച പ്രശ്നങ്ങളിൽ സംസ്ഥാന സർക്കാ

LIBRARY ARCHIVES Kerala Legislative Assembly